പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4360 — 24.10.2016 ൽ മറുപടിയ്ക്ക്

## ശബരിമലയിൽ തീർത്ഥാടകർക്ക് ന്യായവിലയിൽ ഭക്ഷണം നൽകുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. അടൂർ പ്രകാശ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) വരുന്ന മണ്ഡലകാലത്ത് ശബരിമലയിൽ തീർത്ഥാടകർക്ക് ന്യായവിലയിൽ ഭക്ഷണം നൽകുന്നതിന് സപ്ലൈകോ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) നിലവിൽ സപ്ലൈകോ ഭക്ഷണശാലകളുടെ പ്രവർത്തനം നടത്തുന്നില്ല. ഈ സാഹചര്യത്തിൽ വരുന്ന മണ്ഡലകാലത്ത് ശബരി മലയിൽ തീർത്ഥാടകർക്ക് ന്യായവിലയിൽ ഭക്ഷണം നൽകുന്നതിന് സപ്ലൈകോ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വരുന്ന മണ്ഡല കാലത്ത് ജില്ലാ ഭരണകൂടമോ, ഗവൺമെന്റ് ഇതര ഏജൻസികളോ ന്യായവില ഹോട്ടലുകൾ പ്രവർത്തിപ്പിക്കുകയാണെങ്കിൽ അവയ്ക്ക് സപ്ലൈക്കോ ബൾക്ക് നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) തീർത്ഥാടകർക്ക് മായമില്ലാത്ത ഭക്ഷണം നൽകാനും അമിതവില ഈടാക്കാതിരിക്കാനും എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) ഹോട്ടലുകളിൽ വിലവിവര പട്ടിക ഉപഭോക്താക്കൾ കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കണമെന്ന നിയമം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ സിവിൽ സപ്ലൈസ് വകുപ്പ് നിരന്തര പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ വിലവിവര പട്ടികയിൽ പ്രദർശിപ്പിക്കുന്ന വിലയെക്കാൾ അധിക തുക ഈടാക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നുണ്ട്.<br><br>ശബരിമല മണ്ഡല മകരവിളക്ക് ഉത്സവകാലയളവിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സ്പെഷ്യൽ സ്ക്വാഡുകൾ സന്നിധാനം, പമ്പ, നിലയ്ക്കൽ, എരുമേലി തുടങ്ങിയ ശബരിമലയുമായി ബന്ധപ്പെട്ട മേഖലകളിലുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മറ്റ് ഭക്ഷണ വിതരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുന്നതാണ്. ഇതു കൂടാതെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ തിരുവനന്തപുരം മൊബൈൽ വിജിലൻസ് സ്ക്വാഡ്, എറണാകുളം മൊബൈൽ വിജിലൻസ് സ്ക്വാഡ് എന്നിവരും നിരന്തര പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഭക്ഷണ വിതരണ ശാലകൾക്ക് രജിസ്ട്രേഷനും, പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കുവാൻ ടോൾ ഫ്രീ നമ്പർ (1800 425 1125) സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. |

(സി) ആയതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കാമോ?

(സി) ഹോട്ടലുകളിൽ വിലവിവര പട്ടിക ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിക്കണമെന്ന് നിയമം മൂലം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് കർശനമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും, റവന്യൂ ലീഗൽ മെട്രോളജി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്തമായും നിരന്തര പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ Kerala Food Stuffs (display of prices by catering establishment) Order 1977 ലെയും 1980 ലെയും Kerala Essential Commodities Maintenance of account and display of price and stock Order എന്നിവയും പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെയും മൊബൈൽ വിജിലൻസ് സ്ക്വാഡിന്റെയും പ്രവർത്തനവും ലഭ്യമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ